മാധ്യമം

17 November 2016

'മത്സ്യമേഖലയിൽ ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം'

● സി.എം.എഫ്.ആർ.ഐ യിൽ ദേശീയ ശിൽപശാലക്ക് തുടക്കം

കൊച്ചി: മത്സ്യമേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് റിമോട്ട് സെൻസിങ്പോലുള്ള ഉപഗ്രഹ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രാധാന്യം നൽകണമെന്ന് യു.കെയിലെ പ്രമുഖ സമുദ്ര ശാസ്ത്രജ്ഞൻ പ്രഫ. ട്രെവർ പ്ലാറ്റ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി.എം.എഫ്.ആർ.ഐ സംഘടിപ്പിച്ച ദേശീയ ശിൽപശാല പ്രഫ. ട്രെവർ പ്ലാറ്റ് ഉദ്ഘാടനം ചെയ്യുന്നു

മറ്റ് പല മേഖലകളിലും ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഇത്തരം വിദ്യകൾ മത്സ്യമേഖലയിൽക്കൂടി പ്രയോജനപ്പെടുത്തണം. മത്സ്യസമ്പത്ത് കുറയുന്നതടക്കം നിരവധി പ്രതിസന്ധികൾ ഇന്ത്യയിൽ മത്സ്യമേഖലയിലുണ്ട്.

സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം സമുദ്ര ആവാസവ്യവസ്ഥക്ക് പ്രാധാന്യം നൽകിയുള്ള പരിപാലന നീതികൾ നടപ്പാക്കുന്നതിന് ശാസ്ത്രസമൂഹം തയാറാകണമെന്നും അദ്ദേഹം പറഞ്ഞു. യു.കെയിലെ പ്ലൈമൗത്ത് മറൈൻ ലബോറട്ടറിയിലെ പ്രഫസറിയൽ ഫെലോയാണ് ട്രെവർ പ്ലാറ്റ്.

ഡോ. ശുഭ സത്യനാഥ്, സി.എം.എഫ്.ആർ.ഐ ഡൈമേഴ്സൽ ഫിഷറീസ് ഡിവിഷൻ മേധാവിയും പ്രിൻസിപ്പൽ സയൻറിസ്റ്റുമായ ഡോ. പി.യു. സക്കറിയ, സീനിയർ സയൻറിസ്റ്റ് ഡോ. ഗ്രിൻസൺ ജോർജ് എന്നിവർ സംസാരിച്ചു.

സി.എം.എഫ്.ആർ.ഐയുടെ ജവഹർലാൽ നെഹ്റു സയൻസ് ഫെലോഷിപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സംരംഭങ്ങളുടെ ഭാഗമായാണ് നാഷനൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയൻറ് അഗ്രികൾചർ (നിക്ര) പ്രോജക്ടിൻെറ സാമ്പത്തിക സഹായത്തോടെ 21 ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്.

സമുദ്ര ആവാസവ്യവസ്ഥ, മറൈൻ ഓപ്റ്റിക്സ്, റിമോട്ട് സെൻസിങ്, അറബിക്കടലിൻെറയും ബംഗാൾ ഉൾക്കടലിൻെറയും ജൈവ-ഭൗതിക പ്രത്യേകതകൾ, മത്സ്യസമ്പത്ത്, പെലാജിക് ഇക്കോസിസ്റ്റം മോഡലിങ് തുടങ്ങിയ വിവിധ വിഷയങ്ങളിൽ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഗവേഷണ വിദ്യാർഥികൾ, ശാസ്ത്രജ്ഞർ, അധ്യാപകർ, ടെക്നിക്കൽ ഓഫിസർമാർ എന്നിവർക്ക് പരിശീലനം നൽകും. ഡിസംബർ ആറിന് സമാപിക്കും.